No.CEE/2242/2017/NPMDC-2017/TA1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

# ബി.എസ്.സി.നഴ്സിംഗ്, പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം – 2017

## Persons with Disabilities (PD) വിഭാഗം വിദ്യാർത്ഥികളുടെ മെഡിക്കൽ പരിശോധന

2017-18 അദ്ധ്യയന വർഷം കേരളത്തിലെ **ബി.എസ്.സി നഴ്സിംഗ്** കോഴ്സിലേയ്ക്കും, **ബി.എസ്.സി. (എം.എൽ.ടി), ബി.എസ്.സി.പെർഫ്യൂഷൻ ടെക്നോളജി, ബി.എസ്.സി. ഒപ്ടോമെട്രി, ബി.പി.ടി., ബി.സി.വി.റ്റി, ബി.എ.എസ്.എൽ.പി, ബി.എസ്.സി എം.ആർ.റ്റി, ബി.എസ്.സി മെഡിക്കൽ മൈക്രോബയോളജി, ബി.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി** എന്നീ പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുമുള്ള പ്രവേശനത്തിനായി അപേക്ഷിച്ചിട്ടുള്ള Persons with Disabilities (PD) വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ സംസ്ഥാന മെഡിക്കൽ ബോർഡിന്റെയും, മറ്റു വകുപ്പദ്ധ്യക്ഷന്മാരുടെയും പരിശോധനയ്ക്ക് വിധേയരാക്കുന്നതും, വിദ്യാർത്ഥികളുടെ ശാരീരിക ക്ഷമത സംബന്ധിച്ചും, പഠിക്കാൻ യോഗ്യമായ കോഴ്സിനെ സംബന്ധിച്ചും വിദഗ്ദ്ധ സമിതി നൽകുന്ന റിപ്പോർട്ട് അനുസരിച്ച് കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടുത്തി പ്രവേശന നടപടികൾ ആരംഭിക്കുന്നതുമാണ്.

മെഡിക്കൽ പരിശോധന **2017 ആഗസ്റ്റ് 18**–ാം തീയതി **(വെള്ളിയാഴ്ച) രാവിലെ 9 മണിയ്ക്ക് തിരുവനന്തപുരം, മെഡിക്കൽ കോളേജ് കോമ്പൗണ്ടിലെ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ** വച്ചായിരിക്കും നടത്തുന്നത്. ഇതു സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് പ്രത്യേകമായി അറിയിപ്പ് മെമ്മോ തപാലിൽ അയച്ചിട്ടുണ്ട്. മെമ്മോ തപാലിൽ ലഭിക്കാത്തതും ശാരീരിക ക്ഷമത കുറഞ്ഞവരുമായ വിദ്യാർത്ഥികൾ ഇതൊരറിയിപ്പായി കണക്കാക്കി അന്നേ ദിവസം മെഡിക്കൽ ബോർഡ് പരിശോധനയ്ക്ക് ഹാജരാകേണ്ടതാണ്.

വിദ്യാർത്ഥികൾ യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റ്, ശാരീരിക വൈകല്യം സംബന്ധിച്ച മെഡിക്കൽ റിപ്പോർട്ടുകൾ, തപാലിൽ ലഭിച്ച അറിയിപ്പ് മെമ്മോ എന്നിവയുമായി പരിശോധനയ്ക്ക് ഹാജരാകേണ്ടതാണ്. മെഡിക്കൽ പരിശോധനയ്ക്ക് നേരിട്ട് ഹാജരാകാത്ത വിദ്യാർത്ഥികളെ Persons with Disabilities (PD) സംവരണ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതല്ല.

**കേൾവി സംബന്ധമായി വൈകല്യം ഉള്ള വിദ്യാർത്ഥികൾ സംസ്ഥാനത്തെ ഏതെങ്കിലും സർക്കാർ മെഡിക്കൽ കോളേജിൽ നിന്നും അടുത്തകാലത്തായി ലഭിച്ചിട്ടുള്ള ആഡിയോഗ്രാം റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
12.08.2017